# موضوع الخطبة: الخصائص العشر لليلة القدر

## إعداد: ماجد بن سليمان الرسي

# വിഷയം: ലയ്‌ലത്തുൽ ഖദ്ർ - പത്ത് പ്രത്യേകതകൾ

## തയ്യാറാക്കിയത്: മാജിദ് ബിൻ സുലൈമാൻ അർ റസ്സി

**مترجمة إلى اللغة المليبارية**

**ترجمها: سلسبيل بن عبد العزيز**
**طالب جامعة الملك خالد بأبها**
sabeelsal43@gmail.com

## ഒന്നാമത്തേ ഖുത്ബ

**മുസ്ലിമീങ്ങളേ ,**

**തഖ്വയോട് കൂടി ജീവിക്കാൻ എന്നെയും നിങ്ങളെയും ഞാൻ ഉപദേശിക്കുന്നു. മുൻഗാമികൾക്കും പിൻഗാമികൾക്കുമുള്ള അല്ലാഹുവിന്റെ വസിയ്യത്താകുന്നു അത്. അല്ലാഹു പറഞ്ഞു:**

**وَلَقَدْ وَصَّيْنَا الَّذِينَ أُوتُوا الْكِتَابَ مِنْ قَبْلِكُمْ وَإِيَّاكُمْ أَنِ اتَّقُوا اللَّهَ**

**നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും, നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു.**

**നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക, അവനെ അനുസരിക്കുക ധിക്കരിക്കാതിരിക്കുക. അറിയുക, അവൻ ചില കാലങ്ങൾക്ക് മറ്റു ചിലതിനേക്കാൾ ശ്രേഷ്ഠത നൽകിയിരിക്കുന്നു. അവന്റെ മഹത്തായ യുക്തിക്ക് അടിസ്ഥാനപ്പെടുത്തിയാകുന്നു അങ്ങനെ ചെയതത്. ദുൽ ഹിജ്ജയിലെ ആദ്യ പത്ത് ദിനങ്ങൾക്ക് വർഷത്തിലെ മറ്റെല്ലാ ദിനങ്ങളെക്കാളും ശ്രേഷ്ഠത കല്പിച്ചു, അത് പോലെ തന്നെ അറഫാ ദിനം മറ്റെല്ലാ ദിനങ്ങളെക്കാളും റമദാൻ മാസം മറ്റെല്ലാ മാസങ്ങളെക്കാളും ശ്രേഷ്ഠത കല്പിച്ചത് പോലെ ലയലത്തുൽ ഖദ്റിന്റെ രാവിന് റമദാനിലെ മറ്റെല്ലാ രാത്രിയെക്കാളും ശ്രേഷ്ഠത നൽകിയിരിക്കുന്നു. ലയലത്തുൽ ഖദ്റിന് പത്തോളം പ്രത്യേകതകൾ ഉണ്ട്:**

**(ഒന്ന്) വിശുദ്ധ ഖുർആനിന്റെ അവതരണത്തിന് തുടക്കം കുറിക്കപ്പെട്ട രാത്രിയാകുന്നു അത്. അല്ലാഹു പറഞ്ഞു:**

{ إِنَّا أَنزَلْنَاهُ فِي لَيْلَةِ الْقَدْرِ }

തീർച്ചയായും നാം ഇതിനെ (ഖുർആനിനെ) നിർണയത്തിന്റെ രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു.

ഈ രാത്രിയിൽ ലൗഹുൽ മഹ്ഫൂദിൽ നിന്നും ഭൂമിയോട് അടുത്ത് നിൽക്കുന്ന ആകാശത്തിലെ ബൈത്തുൽ ഇസ്സയിലേക്ക് ഇറക്കപ്പെട്ടു. പിന്നീട് ഓരോരോ സന്ദർഭങ്ങളിലായി ഇറക്കപ്പെട്ടു. ലയ്ലത്തുൽ ഖദ്ർ എന്ന പേര് നൽകപ്പെടാൻ കാരണം അതിന്റെ മഹത്ത്വം സൂചിപ്പിച്ചുകൊണ്ടാണ്. അങ്ങനെയാകുമ്പോൾ ലയ്ലത്ത് ( രാത്രി )എന്നത് അതിന്റെ വിശേഷണത്തോട് ചേർക്കപ്പെട്ടടകുന്നു ലയ്ലത്തുൽ ഖദ്ർ എന്ന് നൽകപ്പെട്ടത്. അതല്ലാതെ ആ രാത്രിയിലാണ് വരും വർഷത്തിലെ വിധികളെല്ലാം നിർണയിക്കപ്പെടുന്നത് അതുകൊണ്ടാണ് അങ്ങനെ പേര് നൽകപ്പെട്ടത് എന്നും പറയെപ്പെട്ടിട്ടുണ്ട്. അല്ലാഹു പറഞ്ഞത് പോലെ:

{ فِيهَا يُفْرَقُ كُلُّ أَمْرٍ حَكِيمٍ }

ആ രാത്രിയിൽ യുക്തിപൂർണ്ണമായ ഓരോ കാര്യവും വേർതിരിച്ചു വിവരിക്കപ്പെടുന്നു.

ഈ പറഞ്ഞ രണ്ടാമത്തെ അഭിപ്രായമാണ് ഇബ്നുൽ ഖയ്യിം رحمه الله ശെരിയായി രേഖപ്പെടുത്തയത്.

വരും വർഷത്തിലെ എല്ലാ കാര്യത്തിന്റെയും വിധികൾ ഈ രാവിൽ നിർണയിക്കപ്പെടുന്നു, അങ്ങനെ അവ മലക്കുകൾക്ക് കാണിക്കപ്പെടുന്നു. അവരുടെ ഓരോരുത്തരുടെയും ജോലികൾ ചെയ്യാൻ അവർ കല്പിക്കപ്പെടുകയും ചെയ്യും. ആ വർഷത്തിലെ മനുഷ്യരിൽ ഓരോരുത്തരുടെയും ആയുസ്സിനെ സംബന്ധിച്ചും അവരുടെ ഉപജീവനം, ദാരിദ്ര്യം അല്ലെങ്കിൽ ധന്യത, പട്ടിണി,

ആരോഗ്യം, രോഗം, യുദ്ധങ്ങൾ, ഭൂകമ്പങ്ങൾ അങ്ങനെ വേണ്ട എല്ലാ കാര്യത്തെ കുറിച്ചും മലക്കുകൾ അറിയിക്കപ്പെടും. ഇബ്നു അബ്ബാസ് رضي الله عنه പറഞ്ഞു: "ലൗഹുൽ മഹ്ഫൂദിലെ കിതാബിൽ നിന്നും ലയ്ലത്തുൽ ഖദ്റിൽ ആ വർഷത്തെ മരണവും ജീവിതവും ഉപജീവനവും മഴയും, എത്രത്തോളമെന്ന് വെച്ചാൽ ആ വർഷം ഇന്ന ഇന്ന വ്യക്തി ഹജ്ജ് ചെയ്യും എന്ന് വരെ എഴുതി വെക്കപ്പെടും."[1]

(രണ്ട്) ലയ്ലത്തുൽ ഖദ്റിൽ മലക്കുകൾ ഭൂമിയിലേക്ക് ഇറങ്ങി വരും. അല്ലാഹു പറഞ്ഞു:

{ تَنَزَّلُ الْمَلَائِكَةُ وَالرُّوحُ فِيهَا بِإِذْنِ رَبِّهِم مِّن كُلِّ أَمْرٍ }

മലക്കുകളും റൂഹും അവരുടെ രക്ഷിതാവിന്റെ എല്ലാകാര്യത്തെ സംബന്ധിച്ചുമുള്ള ഉത്തരവുമായി ആ രാത്രിയിൽ ഇറങ്ങി വരുന്നു.

റൂഹ് എന്നത് കൊണ്ട് ഉദ്ദേശിച്ചത് ജിബ്രീൽ عليه السلام ആണ്. ഇബ്നു കഥീർ رحمه الله ഈ ആയത്തിന്റെ തഫ്സീറിൽ പറഞ്ഞു: "ആ രാവിന്റെ ബറകത്ത് കാരണം മലക്കുകളുടെ വരവ് വർധിക്കും. ഖുർആൻ പാരായണം ചെയ്യുമ്പോൾ അവർ ഇറങ്ങുന്നത് പോലെ, ദിക്റിന്റെ സദസ്സുകളെ അവർ വലയം ചെയ്യുന്നത് പോലെ, അറിവ് അന്വേഷിക്കുന്ന വിദ്യാർഥിക്ക് അവർ ചിറകുകൾ താഴ്ത്തിക്കൊടുക്കുന്നത് പോലെ, റഹ്മത്തും ബറക്കത്തും ഇറങ്ങുന്നതിന്റെ കൂടെ അവരും ഭൂമിയിലേക്ക് ഇറങ്ങുന്നതാണ്".

(മൂന്ന്) ലയ്ലത്തുൽ ഖദ്റിനെ സംബന്ധിച്ച് അത് ധാരാളം ബറകത്ത് ചെയ്യപ്പെട്ട രാവാണ് എന്ന് അല്ലാഹു വിശേഷിപ്പിച്ചിരിക്കിന്നു. അല്ലാഹു പറഞ്ഞു:

---

[1] رواه ابن جرير الطبري في تفسيره

{ إِنَّا أَنزَلْنَاهُ فِي لَيْلَةٍ مُّبَارَكَةٍ }

**തീർച്ചയായും നാം അതിനെ ഒരു അനുഗൃഹീത രാത്രിയിൽ അവതരിപ്പിച്ചിരിക്കുന്നു.**

**(നാല്) പകൽ ഉദിക്കുന്നത് വരെ അത് സമാധാനമാണ് എന്ന് അല്ലാഹു വിശേഷിപ്പിച്ചിരിക്കുന്നു. എന്ന് വെച്ചാൽ എല്ലാ വിധ വിപത്തിൽ നിന്നും തിന്മയിൽ നിന്നുമുള്ള രക്ഷയാണ് എന്ന്. ആ രാവിലെ ധാരാളമായ നന്മകൾ കാരണമാകുന്നു അത്.**

**(അഞ്ച്) അല്ലാഹുവിന്റെ അടുക്കലുള്ള പ്രതിഫലം കാംക്ഷിച്ച് കൊണ്ട് ആരാണോ ആ രാത്രിയെ നിന്ന് നിസ്കരിച്ച് കൊണ്ട് ജീവിപ്പിച്ചത് അവന് കഴിഞ്ഞു പോയ പാപങ്ങളെല്ലാം പൊറുത്തു നൽകപ്പെടും. അബൂ ഹുറൈറ رضي الله عنه വിൽ നിന്ന് നിവേദനം നബി ﷺ പറഞ്ഞു:**

**"ആരാണോ ലയ്ലത്തുൽ ഖ്ദിറിൽ ഈമാനോട് കൂടിയും പ്രതിഫലം കാംക്ഷിച്ച് കൊണ്ടും നിന്ന് നിസ്കരിച്ചത്, കഴിഞ്ഞു പോയ അവന്റെ പാപങ്ങളെല്ലാം പൊറുക്കപ്പെടും."[2]**

**(ആറ്) ആ രാത്രി നിസ്കാരത്തെ കൊണ്ട് ജീവിപ്പിക്കുക എന്നത് ആയിരം വർഷങ്ങൾ നിസ്കരിക്കുന്നതിനേക്കാൾ ഉത്തമമാണ്. എന്ന് വെച്ചാൽ എൺപത്തി മൂന്ന് വർഷങ്ങളേക്കാൾ കൂടുതൽ. അല്ലാഹു പറഞ്ഞു:**

لَيْلَةُ الْقَدْرِ خَيْرٌ مِّنْ أَلْفِ شَهْرٍ

**നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.**

**നബി ﷺ പറഞ്ഞു:**

---

[2] رواه البخري ومسلم

**"ഇതാ റമദാൻ നിങ്ങളിലേക്ക് ആഗതമായിരിക്കുന്നു. അനുഗ്രഹങ്ങൾ ചെയ്യപ്പെട്ട മാസം. അതിലെ നോമ്പ് അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അതിൽ സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറക്കപ്പെടുകയും നരകത്തിന്റെ വാതിലുകൾ അടക്കപ്പെടുകയും ശൈത്താനുമാർ ബന്ധിക്കപ്പെടുകയും ചെയ്യും. ആയിരം മാസങ്ങളേക്കാൾ പുണ്ണ്യമുള്ള ഒരു രാവുണ്ട് അതിൽ, ആർക്കാണോ ആ രാവിന്റെ നന്മകൾ തടയപ്പെട്ടത് അവന് അത് തടയപ്പെട്ടിരിക്കുന്നു."[3]**

**ഇബ്നു സിഇദീ رحمه الله പറഞ്ഞു: "വിവേകികൾ അമ്പരന്ന് പോകുന്ന കാര്യമാണിത്, മനസ്സുകൾ ആശ്ച്ചര്യയപ്പെടുകയും ചെയ്യുന്നത്. ഒരൊറ്റ രാത്രിയുടെ പ്രവർത്തനങ്ങൾക്ക് ആയിരം മാസങ്ങളേക്കാൾ പുണ്യം കല്പിക്കപ്പെട്ടിരിക്കുന്നു എന്നത്. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹമാകുന്നു ഇത്. ആയുസ്സ് വർധിപ്പിക്കപ്പെട്ട ഒരു മനുഷ്യന്റെ വയസ്സിന്റെ അത്ര, എൺപത്തി മൂന്നു വർഷത്തേക്കാളും ഉപരി."**

**(ഏഴ്) നബി ﷺ മറ്റൊരു സമയത്തും ചെയ്യാത്ത അത്ര കഠിനാധ്വാനം ഈ രാവിനെ പ്രധീക്ഷിച്ചുകൊണ്ട് അവസാന പത്തിൽ ചെയ്യാറുണ്ടിയിരുന്നു. ആഇശ رضي الله عنها യിൽ നിന്ന് നിവേദനം**

**"മറ്റൊരു സന്ദർഭത്തിലും ചെയ്യാത്ത കഠിനാധ്വാനം നബി ﷺ അവസാന പത്തിൽ ചെയ്യാറുണ്ടായിരുന്നു."[4]**

**ആഇശ رضي الله عنها തന്നെ ഉദ്ധരിക്കുന്ന മറ്റൊരു ഹദീഥിൽ**

**"അവസാന പത്തിലേക്ക് കടന്നാൽ നബി ﷺ അവിടുത്തെ രാത്രികളെ ജീവിപ്പിക്കുമായിരുന്നു, കുടുംബത്തെ**

---

[3] رواه النسائي وصححه الألباني
[4] رواه مسلم

വിളിച്ചുണർത്തുമായിരുന്നു, കഠിനമായി പ്രയത്നിക്കുകയും ഉടുമുണ്ട് മുറുക്കി ഉടുക്കുകയും ചെയ്യുമായിരുന്നു."[5]

ഉടുമുണ്ട് മുറുക്കി ഉടുക്കുമായിരുന്നു എന്നത് കൊണ്ട് ഉദ്ദേശിച്ചത് മുൻപൊന്നും കാണാത്തവണ്ണം ഇബാദത്തുകളിൽ സജീവമാകുമായിരുന്നു എന്നും, തന്റെ ഭാര്യമാരുമായുള്ള ശാരീരിക ബന്ധത്തിൽ നിന്നും മാറിനിൽക്കുമായിരുന്നു എന്നും രണ്ട് അഭിപ്രായങ്ങൾ പറയപ്പെട്ടിട്ടുണ്ട്.

(എട്ട്) ആ രാത്രി പ്രധീക്ഷിച്ച് കൊണ്ട് നബി ﷺ റമദാനിലെ അവസാന പത്തിൽ മസ്ജിദിൽ ഇതികാഫ് ഇരിക്കാറുണ്ടായിരുന്നു. ആഇശ رضي الله عنها യിൽ നിന്ന് നിവേദനം "നബി മരിക്കുന്നത് വരെ റമദാനിലെ അവസാന പത്തിൽ ഇതികാഫ് ഇരിക്കാറുണ്ടായിരുന്നു. അവിടുത്തെ മരണത്തിന് ശേഷം ഭാര്യമാരും ഇരുന്നു."[6]

അബൂ സഈദ് അൽ ഖുദ്രി رضي الله عنه വിൽ നിവേദനം ചെയ്യുന്ന ഹദീഥിൽ അല്ലാഹുവിന്റെ റസൂൽ ﷺ പറഞ്ഞു:
"ഈ രാത്രി പ്രധീക്ഷിച്ചുകൊണ്ട് ഞാൻ റമാദാനിലെ ആദ്യ പത്ത് ഇതികാഫ് ഇരിക്കുകയുണ്ടായി പിന്നീട് രണ്ടാമത്തെ പത്തും, പിന്നീട് അത് അവസാനത്തെ പത്തിലാണെന്ന് ഞാൻ അറിയിക്കപ്പെട്ടു. അതുകൊണ്ട് നിങ്ങളിൽ ആരാണോ ഇതികാഫ് ഇരിക്കാൻ ആഗ്രഹിക്കുന്നത് അവൻ അതിൽ ഇരുന്നുകൊള്ളട്ടെ."[7]

അല്ലാഹുവിന്റെ അടിമകളെ,
റസൂലുല്ലാഹി ﷺ യുടെ ഈ കഠിന പ്രയത്നം നമ്മുക്ക് കാണിച്ചുതരുന്നത്, ശ്രേഷ്ഠമാക്കപ്പെട്ട ദിനങ്ങളിൽ എത്രമാത്രം

[5] رواه البخاري ومسلم واللفظ لمسلم
[6] رواه البخاري ومسلم
[7] رواه مسلم

പ്രാധാന്യത്തോട് കൂടിയാണ് അവിടുന്ന് ഇബാദത്തുകൾ ചെയ്തത് എന്നതാണ്. അതുകൊണ്ട്, എല്ലാ മുസ്ലിമീങ്ങളും റസൂലിനെ പിൻപറ്റേണ്ടിയിരിക്കുന്നു. അദ്ദേഹമാണ് നമ്മുടെ മാതൃക. ഇബാദത്തുകളിൽ കഠിനാധ്വാനം ചെയ്യുക. ഈ രാപ്പകലുകളിൽ വെറുതെ സമയം നഷ്ടപ്പെടുത്തിക്കളയുന്നതിനെ നിങ്ങൾ സൂക്ഷിക്കുക. കാരണം ഇനി ഒരിക്കൽ കൂടി ഇങ്ങനെ ഒരു അവസരം കിട്ടും എന്ന് ആർക്കും ഉറപ്പ് പറയാവുന്നതല്ലല്ലോ. സർവ്വ സുഗങ്ങളെയും മുറിച്ച് കളയുന്ന ആ കാര്യം നമ്മെയും തേടി വന്നേക്കാമല്ലോ. ഖേദം ഉപാകാരപ്പെടാത്ത ആ ദിവസം ഖേദിക്കേണ്ടി വരും.

(ഒൻപത്) ആ രാത്രിയെ വിട്ടുവീഴ്ചക്കും പാപമോചന പ്രാർഥനക്കും പ്രത്യേകമാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഉമ്മ ആഇശ رضي الله عنها ഉദ്ധരിക്കുന്ന ഹദീഥിൽ അവർ നബി صلى الله عليه وسلم യോട് ചോദിച്ചു: "ഓ അല്ലാഹുവിന്റെ നബിയെ, ലയ്ലത്തുൽ ഖദ്റാണ് എന്ന് മനസ്സിലാക്കിയാൽ ഞാൻ എന്താണ് പ്രാർത്ഥിക്കേണ്ടത്? അവിടുന്ന് പറഞ്ഞു: നീ ഇപ്രകാരം പറയുക:

اللهم إنك عفو تحب العفو فاعف عني

"അല്ലാഹുവെ നീ വിട്ടുവീഴ്ച ചെയ്യുന്നവനാണ് വിട്ടുവീഴ്ച ഏറെ ഇഷ്ടപ്പെടുന്നവനാണല്ലോ, അതുകൊണ്ട് നീ എനിക്ക് വിട്ടുവീഴ്ച ചെയ്ത നൽകേണമേ."[8]

(പത്ത്) ഈ രാത്രിയുടെ കാര്യത്തിൽ മാത്രമായി അന്ത്യ ദിനം വരെ പാരായണം ചെയ്യപ്പെടുന്ന ഒരു സൂറത്ത് അല്ലാഹു تعالى അവതരിപ്പിച്ചിരിക്കുന്നു. എന്തുകൊണ്ടാണ് ഇത്രയേറെ മഹത്വം നൽകപ്പെടാൻ കാരണം എന്നത് അവൻ thanne വ്യക്തമാക്കി, അത് ഖുർആൻ അവതരിക്കപ്പെട്ടത് ആ മാസമാണ് എന്നത് കൊണ്ടാണ്. മലക്കുകളുടെ വരവിനെ കുറിച്ച് ആ സൂറത്തിൽ

[8] رواه أحمد وغيره

പ്രതിപാദിച്ചു. നിസ്കാരം കൊണ്ടും ഇബാദത്തുകൾ കൊണ്ടും ആ രാവിനെ ജീവിപ്പിച്ചവരുടെ പ്രതഫലത്തെ സംബന്ധിച്ചും പരാമർശിച്ചു. തുടക്കം എപ്പോഴാണ് ഒടുക്കം എപ്പോഴാണ് എന്നും അറിയിച്ചു തന്നു. നന്മകളുടെ കാലങ്ങളെ കൊണ്ട് തന്റെ അടിമകളോട് അനുകമ്പ കാണിക്കുന്ന അല്ലാഹുവിനാകുന്നു സർവ്വ സ്തുതികളും.

അല്ലാഹു തൃപ്തിപ്പെടുന്ന രൂപത്തിൽ റമദാനിലെ നോമ്പുകൾ അനുഷ്ഠിക്കാൻ തൗഫീഖ് ചെയ്യാൻ അല്ലാഹുവിനോട് നാം ചോദിക്കുന്നു. അവനെ ദിക്ർ ചെയ്യാനും നന്ദി ചെയ്യാനും ഏറ്റവും നല്ല രൂപത്തിൽ ഇബാദത്തുകൾ നിർവഹിക്കാനും നമ്മുക്ക് സഹായം ചെയ്യാനും അവനോട് നാം ചോദിക്കുന്നു.

## <u>രണ്ടാമത്തെ ഖുത്ബ</u>

അറിയുക,

അല്ലാഹുവിന്റെ യുക്തി കാരണമായി അവൻ ലയ്ലത്തുൽ ഖദ്റിന്റെ രാവ് നമ്മിൽ നിന്നും മറച്ചുവെച്ചിരിക്കുന്നു, അതിനെ പ്രധീക്ഷിച്ചുകൊണ്ട് പത്ത് ദിവസവും മുസ്ലിം ഉന്മേഷത്തോട് കൂടി ഇബാദത്ത് ചെയ്യുക എന്നതാണ് ആ യുക്തി. അങ്ങനെ ഒരു മുസ്ലിമിന് ധാരാളം നന്മകൾ നേടിയെടുക്കാൻ കഴിയുന്നു. മറിച്ച് അല്ലാഹുവെങ്ങാനും വ്യക്തമായ തിയതിയും സമയവും നമ്മുക്ക് അറിയിച്ച് തന്നിരുന്നെങ്കിൽ ആ ദിവസത്തിൽ മാത്രമായി നാം ഇബാദത്തുകൾ ഒതുക്കുമായിരുന്നു. അതുപോലെ തന്നെ ലയ്ലത്തുൽ ഖദ്റിന്റെ സമയം നമ്മുക്ക് അറിയിക്കപ്പെട്ടതായിരുന്നെങ്കിൽ നബി ﷺ പത്ത് ദിവസം

**മുഴുവനായി ഇതികാഫ് ഇരിക്കുമായിരുന്നില്ല, ആ രാവിൽ മാത്രമാക്കുമായിരുന്നു.**

**അല്ലാഹുവിന്റെ അടിമകളെ, ലയ്ലത്തുൽ ഖദ്റാകാൻ ഏറെ സാധ്യതയുള്ളത് ഒറ്റയിട്ട രാത്രികളിലാണ്. ആഇശ رضي الله عنها യിൽ നിന്ന് നിവേദനം റസൂലുള്ളാഹി ﷺ പറഞ്ഞു:**
**"അവസാന പത്തിലെ ഒറ്റയിട്ട രാവുകളിൽ നിങ്ങൾ ലയലത്തുൽ ഖദ്റിനെ പ്രധീക്ഷിച്ച് കൊള്ളുക."[9]**

**അല്ലാഹുവിന്റെ അടിമകളെ, പ്രമാണങ്ങളിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് ഓരോരോ വർഷങ്ങളിലും ലയലത്തുൽ ഖദ്റിന്റെ ദിനം മാറിക്കൊണ്ടിരിക്കും എന്നതാണ്. എന്നാൽ അവസാന പത്തിൽ തന്നെ ആയിരിക്കും. അതുകൊണ്ട് തന്നെ വിശ്വാസി പത്ത് ദിവസവും ഇബാദത്തുകളെ കൊണ്ട് ധന്യമാക്കേണ്ടതുണ്ട്. ഈ രാവിനെ സംബന്ധിച്ച് അത് ഇന്ന ദിവസം തന്നെയാണ് എന്നിങ്ങനെയുള്ള സമയം പാഴാക്കപ്പെടുന്ന അനാവശ്യ സംസാരങ്ങൾ സാമൂഹിക മാധ്യമങ്ങളിലും അല്ലാതെയും ഒഴിവാക്കപ്പെടേണ്ടതാണ്.**

**അല്ലാഹുവിന്റെ അടിമകളെ,**
**രണ്ട് കാരണങ്ങളാൽ ഓരോ വിശ്വാസിയും അവസാന പത്തിൽ കർമ്മങ്ങൾ അധികാരിപ്പിക്കേണ്ടതാണ്; ഒന്നാമത്തേത്: ലയലത്തുൽ ഖദ്റിനെ പ്രധീക്ഷിച്ചുകൊണ്ട്, രണ്ടാമത്തേത്: ഈ മാസം നമ്മോട് വിട പറയാൻ പോകുകയാണ് എന്നുള്ളത് കൊണ്ട്, ഒരിക്കൽ കൂടി നമ്മിലേക്ക് തിരിച്ചു വരുമോ എന്ന് നമ്മുക്ക് അറിയില്ലല്ലോ.**
**പിന്നീട് നിങ്ങളറിയുക,**

---

[9] رواه البخاري

അല്ലാഹു മഹത്തായ ഒരു കാര്യം നിങ്ങളോട് കല്പിച്ചിരിക്കുന്നു. അവൻ പറഞ്ഞു:

**إِنَّ ٱللَّهَ وَمَلَٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِيِّۚ يَٰٓأَيُّهَا ٱلَّذِينَ ءَامَنُواْ صَلُّواْ عَلَيۡهِ وَسَلِّمُواْ تَسۡلِيمًا**

**തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് വേണ്ടി സ്വലാത്ത് ചെയ്യുന്നു. ഓ വിശ്വസിച്ചവരേ, നിങ്ങളും അദ്ദേഹത്തിന് വേണ്ടി സ്വലാത്തും സലാമും ചോദിക്കുക.**

**തയ്യാറാക്കിയത് : മാജിദ് ബ്നു സുലൈമാൻ അർറസ്സി**
**ഹി. 1442 റമദാന് 25**
**ജുബൈൽ, സുഊദി അറേബിയ**
**വാട്സ്ആപ്പ്: 00966505906761**